സംസാരിക്കു......(ബഹളം)....

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പറയുന്നത് എന്താണെന്ന് കേൾക്കാനുള്ള ഒരവസരം, ബഹുമാനപ്പെട്ട ചെയറിനോട് എനിക്കഭ്യർത്ഥിക്കാനുള്ളത് ഞാൻ സംസാരിക്കുമ്പോൾ മനഃപൂർവ്വമായി, തുടർച്ചയായി മറുഭാഗത്തുനിന്ന് തടസ്സപ്പെടുത്തുകയാണ്. ഒരു പ്രാവശ്യമോ രണ്ടു പ്രാവശ്യമോ അല്ല, ഞാൻ എപ്പോൾ എഴുന്നേറ്റാലും തടസ്സപ്പെടുത്തുകയാണ്. അങ്ങതിന് കൂട്ടുനിൽക്കരുത്. ദയവായി അവരെ ശാസിക്കണം. അങ്ങതിന് നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ചെയർ ഒന്നിനും കൂട്ടുനിൽക്കുന്നില്ല. ചെയറിന് വടി പ്രയോഗത്തിന് അവകാശമില്ല.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പറയുന്നു, എനിക്ക് വളരെ വിഷമമുണ്ട്. ഞാൻ എപ്പോൾ എഴുന്നേറ്റാലും അവർ അവിടെ ബഹളം വയ്ക്കുകയാണ്. അങ്ങത് നിയന്ത്രിക്കാത്തതിലുള്ള പ്രതിഷേധമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

മി. സ്പീക്കർ: രണ്ടു ഭാഗത്തുനിന്നും ഈ ഒരു പ്രവണത കാണുന്നുണ്ട്. പലപ്പോഴും ഞാൻ പറയാറുണ്ട്. അത് ശരിയല്ല.

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന്റെ കസേര 2017 ജനുവരി 19-ന് കത്തിച്ചു. ബഹുമാന്യനായ

വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് വലിയ സ്നേഹമാണ്. 11 അദ്ധ്യാപകരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് കോളേജ് കൗൺസിൽ ഐകകണ്ഠ്യമായി തീരുമാനിച്ചു. ഒരദ്ധ്യാപകന്റെ പേരിൽ ഒരു നോട്ടീസ് കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; അഞ്ചു മാസം കഴിഞ്ഞില്ലേ? പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആ പ്രിൻസിപ്പാൾ ശ്രീമതി എൻ. എൽ. ബീന, സാമൂഹിക വിരുദ്ധർക്കെതിരെ ധീരമായ നടപടി എടുത്തു. ആ കോളേജിൽ രാത്രി കാലങ്ങളിൽ നടക്കുന്ന കാര്യങ്ങൾ പുറത്തുപറയാൻ കൊള്ളില്ല. ട്രാൻസ് ജെൻഡേഴ്സ് ആണെന്ന് നടിച്ച് വേഷം ധരിച്ച് പുറത്തുപോകുകയും അന്യസംസ്ഥാന തൊഴിലാളികളെയൊക്കെ ആകർഷിച്ച് കോളേജിൽ കൊണ്ടുവന്ന് പണം പിടിച്ചുപറിക്കുകയും ചെയ്യുകയാണ്. പോലീസ് കേസ്സെടുത്തിട്ടുണ്ട്, മുഖ്യമന്ത്രി അന്വേഷിക്കണം. അവിടെ തീവ്രവാദികളുടെ കേന്ദ്രമാകുന്നുവെന്ന് പോലീസിന്റെ റിപ്പോർട്ടുണ്ട്. രാത്രികാലങ്ങളിൽ ലൈറ്റ് അടിച്ചുതകർക്കുന്നു. കോളേജ് മുറികൾ മുഴുവൻ കീറിയ വസ്ത്രങ്ങളും ഭക്ഷണ സാധനങ്ങളും മദ്യ കുപ്പികളും നിറയുന്നു. കോളേജിന്റെ പുറം മുഴുവൻ വൃത്തികേടാക്കിയിരിക്കുന്നു. മഹാരാജാസ് കോളേജ് ദുരന്ത പാതയിലാണ്. (ബഹളം).... ഓമൽ അലോഷ്യസ് എന്നുപറയുന്ന അദ്ധ്യാപകന്റെ നേതൃത്വത്തിലാണ് പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചത്. ഓമൽ അലോഷ്യസ്

ആർട്സ് കോളേജ്, സംസ്കൃത കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, മഹാരാജാസ് കോളേജ് ഇങ്ങനെയുള്ള കോളേജുകളിൽ എസ്.എഫ്.ഐ.യുടെ തേർവാഴ്ചയാണ്. ആരെയും കടക്കാൻ സമ്മതിക്കില്ല. ഇത് സ്വകാര്യ മാനേജ്മെന്റിനെ സഹായിക്കാനാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ടി. തോമസ്: സർ, സ്വാശ്രയ കോളേജുകളെ സംരക്ഷിക്കാനാണ്. കേരളത്തിലെ ക്യാമ്പസ് വലിയ ദുരന്തത്തിലാണ്. ഈ ക്യാമ്പസുകളെ രക്ഷിക്കണം. മഹാരാജാസ് കോളേജിലെ പ്രിൻസിപ്പലിന്റെ കസേര കത്തിച്ച പതിനൊന്ന് അദ്ധ്യാപകരുടെ പേരിൽ നടപടിയെടുക്കണം. വിക്ടോറിയ കോളേജ് പ്രിൻസിപ്പലിനെയും തൃശ്ശൂർ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പലിനെയും അപമാനിച്ചതിന് നടപടിയെടുക്കണം. തൃശ്ശൂർ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പലിന്റെ മകളെ തട്ടിക്കൊണ്ടുപോകുമെന്ന് പോസ്റ്റർ എഴുതി വച്ചിരിക്കുകയാണ്. ഡോ. വിജയലക്ഷ്മിയെ അപമാനിച്ചതിന് നടപടിയെടുക്കണം. ഇതിനെ ന്യായീകരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്രമകാരികൾക്ക് കൂട്ടുനിൽക്കുകയാണെന്ന് പറയേണ്ടിവരും. കെ. കരുണാകരൻ സ്മാരകത്തിലെ എല്ലാ വസ്തുവകകളും നശിപ്പിച്ചു. മഹാരാജാസ് കോളേജിലും ഹോസ്റ്റലിലും യൂണിവേഴ്സിറ്റി

ബോംബ് തുടങ്ങിയ മാരകായുധങ്ങൾ പോലീസ് സർച്ചിൽ കണ്ടെത്തിയെന്നാണ് പരാമർശിച്ചിട്ടുള്ളത്. എന്റെ കയ്യിൽ അവിടെ പരിശോധന നടത്തി സെൻട്രൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ തയ്യാറാക്കിയ ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ടുണ്ട്. അതിൽ അവിടെ കണ്ടെത്തിയ കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത്, കട്ടിലുകളുടെ അടിയിൽ നോക്കിയതിൽ തെക്കുവശം ഭിത്തിയോട് ചേർന്ന് കിടന്നിരുന്ന കട്ടിലിനടിയിൽ ഒരു കറുത്ത ഫ്ലക്സിൽ എന്തോ പൊതിഞ്ഞുകെട്ടിവച്ചിരിക്കുന്നതായി കാണപ്പെട്ടു. ടി കട്ടിൽ മാറ്റി ഫ്ലക്സ് തുറന്ന് നോക്കിയതിൽ (1) രണ്ട് ചതുരാകൃതിയിലുള്ള ഇരുമ്പ് പൈപ്പ്, (2) ഒരറ്റം ചുവന്ന തുണി ചുറ്റിയ ഇരുമ്പ് പൈപ്പ് ഒരെണ്ണം, (3) ഇരുമ്പ് പൈപ്പുകൾ സുമാർ 90 cm നീളമുള്ളത് 5 എണ്ണം, (4) സ്റ്റീൽ നിറത്തിലുള്ള പൈപ്പ് ഒരെണ്ണം, (5) പലവലിപ്പത്തിലുള്ള സുമാർ 1 മീറ്റർ നീളമുള്ള വാർക്കകമ്പികൾ, (6) റബ്ബർ പിടിയോടുകൂടിയ സുമാർ 1 ½ അടി നീളമുള്ള ഇരുമ്പ് വെട്ടുകത്തി - 1 എണ്ണം, (7) സുമാർ 75 cm നീളമുള്ളതും 1 ½ ഇഞ്ച് വണ്ണവുമുള്ള കുറുവടി 3 എണ്ണം, (8) സുമാർ 3 അടി നീളമുള്ളതും 1 ഇഞ്ച് വണ്ണവുമുള്ള മുളവടി - 1 എണ്ണം, (9) സുമാർ 2 ½ അടി നീളവും ½ ഇഞ്ച് വണ്ണവും 2 ½ ഇഞ്ച് വീതിയുമുള്ള പലക കഷണം 1 എണ്ണം എന്നിവ കാണുകയും ടി ആയുധങ്ങളും ആയത് പൊതിഞ്ഞ് സൂക്ഷിച്ചിരുന്ന ഫ്ലക്സും

പ്രിൻസിപ്പാൾ പോലീസുകാരെ വിളിക്കേണ്ട ആവശ്യമെന്താണ്? മാത്രമല്ല, സെൻട്രൽ പോലീസ് അവിടെ വന്നപ്പോൾ എസ്.എഫ്.ഐ. നേതാക്കൾ അവിടേയ്ക്ക് ഓടിയെത്തി എന്ന് പത്രത്തിൽ പറയുന്നു. ഞങ്ങളില്ലാത്ത സമയത്ത് ഞങ്ങളെ കുടുക്കുന്നതിനുവേണ്ടി ആയുധം കൊണ്ടുവച്ചതാണെന്നാണ് അവിടെ വന്ന എസ്.എഫ്.ഐ. നേതാക്കൾ ആരോപണമുന്നയിച്ചിരിക്കുന്നത്. അപ്പോൾ എസ്.എഫ്.ഐ. നേതാക്കൾ പോലും ആയുധം തന്നെയാണ് കൊണ്ടുവച്ചതെന്ന് പറഞ്ഞ സാഹചര്യത്തിൽ പിന്നെ ഇതെങ്ങനെ നിർമ്മാണോപകരണങ്ങളായി എന്നുള്ളത് നമ്മൾ പരിശോധിക്കണം. അപ്പോൾ പോലീസ് തന്നിട്ടുള്ള റിപ്പോർട്ട് പിന്നീട് എവിടെയെങ്കിലും മാറ്റപ്പെട്ടിട്ടുണ്ടോ? ഞങ്ങൾക്ക് കിട്ടിയ ചിത്രത്തിൽ പോലീസിരുന്ന് അവിടെ കാര്യങ്ങൾ നോക്കുന്നതും ആ ബെഞ്ചിൽ വാളുകൾ നിരത്തിവച്ചതുമായ ചിത്രമാണ്. പോലീസ് അവിടെയുണ്ടായിരുന്നു. അപ്പോൾ ഇങ്ങനെയുള്ള ഒരു ചിത്രം എങ്ങനെ വന്നുവെന്നെങ്കിലും പോലീസിനോട് ചോദിക്കേണ്ടത് മുഖ്യമന്ത്രിയുടെ ഉത്തരവാദിത്വമാണെന്ന് ഞങ്ങൾ കരുതുന്നു. ഇത്തരത്തിൽ മുമ്പ് പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചു. മാത്രമല്ല, അവർ ഒരു ഭീഷണിയിൽ നിൽക്കുന്ന ഒരു സമയം കൂടിയാണ്. ഈ സംഭവം കഴിഞ്ഞ് ഇവിടെ പൂട്ടിടുകയും താക്കോൽ കളഞ്ഞുപോയി എന്നു ഇവർ പറയുകയും ചെയ്തു. പിന്നെ

നമ്മൾ ചിന്തിക്കണം. നമ്മുടെ ക്യാമ്പസുകളിൽ നോക്കിയാൽ സ്വാശ്രയ മാനേജ്മെന്റുകളുമായി വിദ്യാർത്ഥികൾ സംഘർഷമാകുന്നു. വിദ്യാർത്ഥികൾ അദ്ധ്യാപകരുമായി സംഘർഷത്തിലേയ്ക്ക് പോകുന്നു. നമ്മുടെ ക്യാമ്പസുകളിൽ വലിയ രീതിയിലുള്ള മൂല്യത്തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നത് വിസ്മരിക്കാൻ കഴിയരുത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. രാഷ്ട്രീയ സംഘർഷങ്ങൾ പല സന്ദർഭങ്ങളിലുമുണ്ടായിട്ടുണ്ട്. പക്ഷേ കസേര കത്തിക്കുക, കുഴിമാടം തോണ്ടുക ഇതൊക്കെയെന്ന് പറയുന്നത്... വേറൊരു രീതിയിലേയ്ക്ക് നമ്മുടെ ക്യാമ്പസുകൾ ചിന്തിച്ചുപോകുന്നുവെന്നത് നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഭയാനകമായ ഒരു സാഹചര്യം കേരളത്തിൽ സംജാതമാകുന്നുവെന്നു വേണം ഇത്തരത്തിലുള്ള കാര്യങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്. ഞാൻ മറ്റു വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. എന്തായാലും ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരു ക്യാമ്പസിൽ മാത്രമായിട്ട് ഇതിനെ കാണരുത്. ഇവിടെ ശ്രീ. പി. ടി. തോമസ് അതുകൊണ്ടാണ് അത് പറഞ്ഞത്, പല ക്യാമ്പസുകളിലും ഇത്തരത്തിൽ നടക്കുന്നുണ്ട്. ന്യൂമാൻ കോളേജിൽ സംഭവിച്ചതെന്താണ്? ഒരു എസ്.എഫ്.ഐ. വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്തു. ആ വിദ്യാർത്ഥിയെ തിരിച്ചെടുക്കുന്നതിൽ കാലതാമസമുണ്ടായതിന്റെ പേരിലാണ് ആ

അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ : സർ, ഇവിടെ ചൂണ്ടികാണിച്ചതുപോലെ, കലാലയങ്ങളെ തന്നെ കലാപശാലകളാക്കുന്ന സാഹചര്യം നിർഭാഗ്യവശാൽ കേരളത്തിൽ വളർന്നുവരുന്നു എന്നുള്ളത് അത്യന്തം ഖേദകരമാണ്. ഇതിനെ സംബന്ധിച്ച് ഏതാണ്ട് ഒരു ചിത്രം നൽകിയിട്ടുണ്ട്, സമ്പൂർണ്ണമല്ല, പക്ഷെ, വളർന്നുവരുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എറണാകുളത്ത് പോയി നല്ല സാരോപദേശമൊക്കെ കൊടുത്തു, പക്ഷെ അതിന് ഫലമുണ്ടായില്ല എന്നല്ലേ നമ്മൾ കാണുന്നത്. നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, അവിടത്തെ എസ്.എഫ്.ഐ. നേതാവ് പറയുന്നത്, വിജയേട്ടൻ അവിടെയുള്ളിടത്തോളം കാലം ഞങ്ങൾക്ക് എതിരെ ഒരു നടപടിയും ഉണ്ടാകില്ലെന്ന് ഉറപ്പുണ്ട് എന്നാണ്. ആ ധൈര്യത്തിന് മുകളിൽ അവർ ചെയ്യുന്നു. ഇത് നല്ലതാണോ; ഈ ഒരു ധാരണ ഉണ്ടാകുന്നത് നല്ലതാണോ? ഈ രാജ്യത്തെ കലാലയങ്ങളിൽ സമാധാനപരമായി ഉയർന്നനിലയിൽ വിദ്യാഭ്യാസം നടത്താനുള്ള സാഹചര്യം ഉണ്ടാക്കണം. അതിനുള്ള ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ട്. അക്കാര്യത്തിൽ പരാജയപ്പെട്ടിരിക്കുന്നു എന്നുള്ളതുകൊണ്ട് ഞാൻ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

